പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T 3873 — 15-3-2017 ൽ മറുപടിക്ക്

# കെൽട്രോണിലെ ഒഴിവുകൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.കെ.എം.ഷാജി** | **ശ്രീ. എ.സി.മൊയ്തീൻ**<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |

(എ) കെൽട്രോണിൽ നിലവിലുള്ള നിരവധി ഒഴിവുകളിലേക്കുള്ള നിയമനങ്ങൾ പി.എസ്.സി.ക്ക് നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായുള്ള നടപടിക്രമങ്ങളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(എ) കെൽട്രോണിൽ നിലവിലുള്ള ഒഴിവുകളിൽ, കെ.പി.എസ്.സി (അഡീഷണൽ ഫങ്ഷൻസ് ആസ് റെസ്പെക്ട്സ് സെർട്ടൻ കോർപ്പറേഷൻസ് ആന്റ് കമ്പനീസ്) ആക്ട്, 1970 പ്രകാരം കേരളാ പബ്ലിക് സർവ്വീസ് കമ്മീഷന്റെ പരിധിയിൽ, സ്റ്റാഫ് പാറ്റേൺ പുന:ക്രമീകരണത്തിനുശേഷം നിലവിൽ വർക്ക്മെൻ വിഭാഗത്തിൽപ്പെട്ട നാല് തസ്തികകളാണുള്ളത്. ഇവയിൽ 2013-2014, 2014-2015 കാലഘട്ടങ്ങളിൽ മൂന്ന് തസ്തികകളിലേക്കുണ്ടായ 24 ഒഴിവുകൾ കേരളാ പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2015-16, 2016-17 കാലഘട്ടങ്ങളിൽ ഉണ്ടായ ഒഴിവുകൾ സർക്കാർ അനുമതി പ്രകാരം പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) കെൽട്രോണിൽ ഏതെല്ലാം തസ്തികകളിൽ എത്ര വീതം ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) കെൽട്രോണിൽ നിലവിലുള്ള ഒഴിവുകളുടെ വിവരം ചുവടെ ചേർക്കുന്നു

| കാറ്റഗറി | 2013-14 | 2014-15 | 2015-16 | 2016-17 (upto February) |
|---|---|---|---|---|
| എക്സിക്യൂട്ടീവ് | 61 | 36 | 66 | 32 |
| സൂപ്പർവൈസറി | 21 | 50 | 1 | 0 |
| വർക്ക്മെൻ | 43 | 50 | 51 | 42 |
| ആകെ | 125 | 136 | 118 | 74 |

(സി) കെൽട്രോണിലെ മുഴുവൻ നിയമനങ്ങളും പി.എസ്.സി.യിലൂടെ നടത്തി നിയമനം സുതാര്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(സി) കെൽട്രോണിൽ നിലവിലുള്ള തസ്തികകളിൽ വർക്ക്മെൻ വിഭാഗത്തിൽപ്പെട്ട നാല് തസ്തികകളിലേക്കുള്ള നിയമനങ്ങൾ കേരളാപബ്ലിക് സർവീസ് കമ്മീഷന്റെ പരിധിയിൽ ആണ്. സ്ഥാപനത്തിന് പ്രോജക്ടുകളുടെ നടത്തിപ്പിന് വേണ്ട സങ്കീർണ്ണമായ സാങ്കേതിക യോഗ്യതയും പ്രവർത്തിപരിചയവും നേടിയ യോഗ്യരായ ഉദ്യോഗാർത്ഥികളെ ലഭിക്കുന്നതിന് കാലതാമസം വരുമെന്നതിനാൽ എല്ലാ വിഭാഗത്തിൽപ്പെട്ട തസ്തികകളിലേക്കും പി.എസ്.സി മുഖേന നിയമനം നടത്തുന്നത് പ്രായോഗികമായി കാണുന്നില്ല.

സെക്ഷൻ ഓഫീസർ